


# പ്രത്യാശയുടെ പൊൻപുലരി

**സരോജ വർഗീസ്, ന്യൂയോർക്ക്**

സമാധാനത്തിൻേറയും സന്തോഷത്തിൻേറയും നവജീവൻേറയും നവ ചൈതന്യത്തിൻേറയും പരിമളം പരത്തിക്കൊണ്ട് വീണ്ടും ഒരു ഈസ്റ്റർ സമാഗതമാകുന്നു.

അന്ധകാരത്തിൻെറ മേൽ പ്രകാശവും മരണത്തിൻെറ മേൽ ജീവനും വിജയം നേടിയ സുദിനം. ഒരു വസന്തത്തിൻെറ ആരംഭം. തളിർക്കലിൻേറയും പൂക്കലിൻേറയും കാലം. സ്നേഹത്തിൻേറയും സത്യത്തിൻേറയും ആഹ്വാനവുമായി ഒരു സുപ്രഭാതം പൊട്ടിവിടരുന്നു. "സത്യമായും താൻ ഉയർത്തെഴുന്നേറ്റു." പ്രവചനങ്ങൾ സാക്ഷാത്ക്കരിക്കപ്പെട്ട സുപ്രഭാതം. ലോകത്തിൻെറ പാപമോചനത്തിനു സ്വയം ബലിയായിതീർന്ന ദൈവത്തിൻെറ കുഞ്ഞാട് വിശ്വാസികളുടെ ഹ്രുദയങ്ങളിൽ പ്രത്യാശയുടെ പൊൻ കിരണങ്ങൾ പൊഴിച്ച്കൊണ്ട് പുനരുത്ഥാനം ചെയ്ത പുണ്യദിവസം.



രണ്ടായിരം വർഷങ്ങൾക്ക് മുമ്പ്, കാൽവരി ക്രൂസിൽ തറയ്ക്കപ്പെട്ട ക്രുസ്തു മരണത്തെ ജയ്ച്ച് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റതിൻെറ അനുസ്മരണ ഇവിടെ ആഘോഷിക്കപ്പെടുന്നു. കർത്താവിൻെറ പുനരുത്ഥാനം ദൈവികശക്തിയുടെ മഹത്വം പ്രകടമാക്കികൊണ്ട്, ത്യാഗത്തിൻേറയും വിശുദ്ധിയുടേയും സ്നേഹത്തിൻേറയും പ്രകാശവാതായനം ലോകത്തിനു തുറന്നുകൊടുക്കുന്നു.

ദൈവപുത്രനായ ക്രുസ്തു മരണത്തെ അതിജീവിച്ച്കൊണ്ട് ഉയിർത്തെഴുന്നേറ്റു എന്ന പരമസത്യം ആഗോളക്രൈസ്തവ വിശ്വാസത്തിൻെറ അടിസ്ഥാനശില ആണു്. പാപപങ്കിലമായ മനുഷ്യവർഗ്ഗത്തിനു പാപ വിമുക്തി നൽകി മോക്ഷപ്രാപ്തി ലഭ്യമാക്കാനായി സ്വയം ത്യാഗമായിത്തീർന്ന ക്രുസ്തു യേശുവിൽ സനാതനസത്യവും നിത്യവെളിച്ചവും നിതാന്ത നിത്യതയും പൂർത്തീകരിക്കപ്പെടുന്നു.

പൗരസ്ത്യക്രൈസ്തവ പാരമ്പര്യത്തിൽ ഏറ്റവും വലിയ പെരുന്നാളായും ആരാധനാജീവിതത്തിൻെറ കേന്ദ്രമായും ഈസ്റ്റർ ആഘോഷിക്ക്പ്പെടുന്നു. മറ്റൊരു പെരുന്നാളിനും ഇല്ലാത്ത ആവേശവും

പുതുമയും അനുഭവവേദ്യമാക്കികൊണ്ട്, വിമോചനത്തിൻേറയും വിമോചിതരുടേയും പെരുന്നാളായി ഈസ്റ്റർ ആഘോഷിക്കപ്പെടുന്നു.

വ്യക്തികളുടേയും സമൂഹത്തിൻേറയും ജീവിതയാത്രക്കിടയിൽ നന്മയുടേയും സ്നേഹത്തിൻേറയും അനുരണങ്ങൾ സ്രുഷ്ടിക്കുന്ന സജീവസാന്നിദ്ധ്യമാണു ക്രുസ്തു. അനിവാര്യമായ മരണത്തെ പ്രത്യാശയോടെ നേരിടാനുള്ള ക്രുപാവരത്തിൻെറ ശക്തിസ്രോതസ്സാണു ക്രുസ്തു. കഷ്ടതകകൾക്കും ക്രൂരതകൾക്കും ഇടയിൽ ഭഗ്നാശരാകാതെ ജീവിതം തുടരാൻ ക്രുസ്തുവിൻെറ ഉയർത്തെഴുന്നേൽപ്പ് ലോകത്തെ ആഹ്വാനം ചെയ്യുന്നു. ഉയിർന്നേഴുന്നേൽപ്പിലൂടേ പാപത്തിന്മേലും മരണത്തിന്മേലും ജയം പ്രാപിച്ച ക്രുസ്തുവിനെ നമ്മിലൂടെ ലോകം കാണുമ്പോഴാണ് നാം യഥാർത്ഥത്തിൽ ഉയിർപ്പിൻെറ സാക്ഷികളാകുന്നത്,.

വർഷം തോറും കൊണ്ടാടുന്ന ഒരു ആഘോഷം എന്നതിലുപരി ഉയിർത്തെഴുന്നേറ്റ ക്രുസ്തുനാഥൻെറ രക്ഷയുടെ സന്തോഷം അനുഭവിക്കാൻ ഈ ഉയിർപ്പ് പെരുന്നാൾ സഹായകമാകട്ടെ.

നിത്യജീവൻേറയും നിത്യപ്രകാശത്തിൻേറയും നിത്യസത്യത്തിൻേറയും സന്ദേശം മാനവരാശിക്ക് പകർന്ന് കൊണ്ട് 2014 ഏപ്രിൽ 20 നു സമാഗതമാകുന്ന ഉയിർപ്പ്പെരുന്നാളിൽ ഏവർക്കും ഹ്രുദയം നിറഞ്ഞ ആശംസകൾ!

***********************************